

എല്ലാ മാസത്തെയും ഒന്നാം തീയതി ഈശോ ആനിലൂടെ തന്റെ ശുശ്രൂഷയെക്കുറിച്ചുള്ള ദൗത്യത്തിന് ഒരു പുതിയ സന്ദേശം നല്കുന്നു.

ജനുവരി 1, 2012

ഈശോ

എന്റെ പ്രിയപ്പെട്ട ഓരോ അപ്പസ്തോലരിലും സ്വർഗീയ സമാധാനം നിരന്തരം വലയം ചെയ്യട്ടെ. എന്റെ സ്നേഹിതരെ, സ്വർഗീയ സമാധാനം നിങ്ങളെ അനുധാവനം ചെയ്യേണ്ട സമയങ്ങൾ ഉണ്ട്. കാരണം, എത്ര ശ്രമിച്ചാലും സമാധാനം നിങ്ങളിൽനിന്ന് വഴുതിമാറാം. അപ്പോൾ എന്റെ സമാധാനം നിങ്ങളെ അനുഗമിക്കും. അത് സ്വീകരിക്കാൻ കാത്തുനിൽക്കുന്നതുവഴി നിങ്ങളെത്തന്നെ എന്റെ സാന്നിദ്ധ്യത്തിൽ കൊണ്ടുവരുമ്പോൾ എന്റെ സമാധാനം നിങ്ങളെ ഉൾക്കൊള്ളുകയും പൂരിതമാക്കുകയും ചെയ്യും. അങ്ങനെ നിങ്ങൾ എവിടെ പോകുന്നോ അവിടെ എന്റെ സമാധാനം നിങ്ങളെ അനുഗമിക്കും. നിങ്ങൾക്ക് എന്നോട് ജാഗരൂകതയുണ്ടെങ്കിൽ മറ്റുള്ളവർ നിങ്ങളിലൂടെ അനുഗ്രഹീതരാകുന്നതായി നിങ്ങൾക്ക് കാണാൻ കഴിയും. പ്രിയ അപ്പസോതലരെ, ഇത് സംഭവിക്കുന്നുവെന്ന് കാണുകയും എന്താണ് ഞാൻ ചെയ്യാൻ ആഗ്രഹിക്കുന്നതെന്നതിനെക്കുറിച്ച് ആദരമുള്ളവരായിരിക്കുകയും ചെയ്യുക. നവീകരണത്തിന്റെ ഈ ഉദ്യമത്തിൽ നിങ്ങൾ എന്നോടുകൂടെ ഉണ്ടോ? നിങ്ങളിലൂടെ മറ്റുള്ളവരിലേക്ക് പ്രകാശം കൊടുക്കുവാൻ ഞാൻ നിശ്ചയദാർഢ്യനാണെന്ന് ഗൗരവപൂർവ്വം നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? ഇത് നിങ്ങൾ പൂർണ്ണമായി സ്വീകരിക്കുന്നുണ്ടെങ്കിൽ വളരെ അനായാസമായി എനിക്ക് പ്രവർത്തിക്കാൻ കഴിയും. വളരെ തിടുക്കത്തിലാണ് നിങ്ങൾ ജോലി ചെയ്യുന്നതെങ്കിൽ, പ്രതീക്ഷിച്ചത്ര കാര്യങ്ങൾ ചെയ്തുതീർക്കുവാൻ സാധിക്കുന്നില്ല എന്ന് നിങ്ങൾക്ക് മനസിലാക്കാൻ കഴിയും. അപ്പോൾ സ്വർഗം സമ്മാനിക്കുന്നത്, അതായത്, നിങ്ങൾക്ക് ചുറ്റുമുള്ള കൃപാവലയവും പ്രകാശത്തിന്റെ സംരക്ഷണവും നിങ്ങൾക്ക് നഷ്ടമാകും. ഈ യാഥാർത്ഥ്യം മനസിലാക്കുമ്പോൾ, എത്രമാത്രം ഫലപ്രദമായാണ് നിങ്ങളിലൂടെ ഈ ലോകത്തെ ഞാൻ ശുശ്രൂഷിക്കുന്നതെന്ന് മനസിലാകും. സത്യമായും, ഓരോ ദിവസവും നിങ്ങളുടെ ആത്മാവിലൂടെ മനുഷ്യവർഗത്തെ ഞാൻ സ്നേഹിക്കുകയും സാന്ത്വനിപ്പിക്കുകയും ചെയ്യുന്നു. ശുശ്രൂഷിക്കാൻ തയ്യാറാകുന്നവരുടെ ആത്മാവിലൂടെ സ്വർഗം ലോകത്തിലേക്ക് ചരിക്കുന്നു. ഇത് തുടരുവാൻ ദയവായി എന്നെ അനുവദിക്കൂ, നിങ്ങളെത്തന്നെ താങ്ങുവാൻ എന്നെ അനുവദിക്കൂ. ആത്മവീര്യം നഷ്ടപ്പെട്ടും പ്രത്യാശ നഷ്ടപ്പെട്ടും ആയിരിക്കുക എന്നത് എന്റെ ഇഷ്ടമല്ല. നിങ്ങൾ സഹനങ്ങൾ ഏൽക്കുന്നുണ്ടെങ്കിൽ സമാധാനത്തോടെ സഹിക്കണമെന്നും, നിങ്ങളുടെ കുരിശിൽ എന്റെ സാന്നിദ്ധ്യം അനുഭവിക്കണമെന്നുമാണ് എന്റെ ഹിതം. ശാന്തതയോടെ നിങ്ങൾ പ്രവർത്തിക്കണമെന്നും എന്റെ ഫലദായകത്വം നിങ്ങളുടെ ജോലിയിൽ പ്രതിഫലിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു. പൂർണമായി സ്നേഹിക്കുവാനുള്ള ധൈര്യം നിങ്ങൾക്ക് ഉണ്ടാവണം. ഓരോ ദിവസവും എന്തൊക്കെ രീതിയിൽ എന്നെ ശുശ്രൂഷിക്കണമെന്ന് നിങ്ങൾ തീരുമാനിക്കുന്നതുവഴി ലോകത്തിന് ലഭിക്കുന്ന നന്മകളെക്കുറിച്ച് ബോധ്യമുള്ളവരാകുക. ആഹ്ലാദിക്കുക, പ്രിയപ്പെട്ട അപ്പസ്തോലരെ, അതിവിശുദ്ധിയിലേക്ക് നടന്നടുക്കുന്നത് നോക്കികാണുക. നിങ്ങളെക്കുറിച്ചുള്ള എന്റെ പദ്ധതി ഞാൻ സംരക്ഷിക്കും. എന്നാൽ സ്വർഗീയ സമാധാനം സ്വീകരിക്കുവാനുള്ള ഒരു തീരുമാനം നിങ്ങളെടുക്കണം.

**നമ്മുടെ കാലത്തിനുള്ള മാർഗദർശനം**

**അത്മായ അപ്പസ്തോലയായ ആനിന് നൽകപ്പെട്ടത്.**

കൂടുതൽ വിവരങ്ങൾക്ക്:
www.directionforourtimes.com

Dr. Sunny George
Mob : 940 076 4696
E-mail : geosunny@gmail.com